2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

കുറഞ്ഞ നിരക്കിൽ ഭക്ഷ്യ ധാന്യങ്ങളുടെ വിതരണം

4 (*4) ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. ബി. രാഘവൻ :
ശ്രീ. എം. ചന്ദ്രൻ :
ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ബി.പി.എൽ. വിഭാഗത്തിനു പുറമെ ഏതെല്ലാം വിഭാഗങ്ങൾക്കാണ് രണ്ട് രൂപാ നിരക്കിൽ അരിയും ഗോതമ്പും നൽകുന്നതെന്ന് വെളിപ്പെടുത്തുമോ ;

(ബി) എത്ര കുടുംബങ്ങൾക്കാണ് രണ്ട് രൂപാ നിരക്കിൽ ഭക്ഷ്യധാന്യങ്ങൾ നൽകുന്നത് ;

(സി) പുതുതായി ഏതെല്ലാം വിഭാഗങ്ങളെ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഈ വിഭാഗങ്ങൾക്ക് കുറഞ്ഞ നിരക്കിൽ ഭക്ഷ്യ ധാന്യങ്ങൾ വിതരണം ചെയ്യുന്നതിന് പ്രതിവർഷം എത്ര കോടി രൂപ ആവശ്യമായി വരും എന്ന് വ്യക്തമാക്കുമോ ;

(ഇ) സംസ്ഥാനത്തിന് അർഹമായ റേഷൻ വിഹിതം ലഭ്യമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ?

ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ) :

(എ) ബിപിഎൽ/എ.എ.വൈ. വിഭാഗത്തിൽപ്പെട്ട മുഴുവൻ കാർഡുടമകൾക്കും പുറമെ എ.പി.എൽ. വിഭാഗത്തിൽപ്പെട്ട പട്ടികജാതി, പട്ടികവർഗ്ഗ, മത്സ്യത്തൊഴിലാളി, ആശ്രയ കുടുംബങ്ങൾക്കും അസംഘടിത മേഖലയിലുള്ള കർഷകത്തൊഴിലാളി, കയർ, കശുവണ്ടി, ബീഡി, പനമ്പ്, ഈറ്റ, തോട്ടം, ഖാദി, കൈത്തറി, തഴപ്പായ നിർമ്മാണം, മൺപാത്ര നിർമ്മാണം എന്നീ വിഭാഗങ്ങളിൽപ്പെട്ട തൊഴിലാളികൾക്കും ദേശീയ തൊഴിലുറപ്പു പദ്ധതിയിൽ കുറഞ്ഞത് 50 ദിവസമെങ്കിലും പണി ചെയ്തിട്ടുള്ളവർക്കും 2 രൂപ നിരക്കിൽ ഭക്ഷ്യധാന്യങ്ങൾ നൽകി വരുന്നു.

(ബി) ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട 14,60,807 കുടുംബങ്ങളും എ.എ.വൈ. വിഭാഗത്തിൽപ്പെട്ട 5,89,946 കുടുംബങ്ങളും എ.പി.എൽ. വിഭാഗത്തിൽപ്പെട്ട 6,70,173 കുടുംബങ്ങളും ഉൾപ്പെടെ 27,20,926 കുടുംബങ്ങൾക്ക് രണ്ടു രൂപ നിരക്കിൽ അരി വിതരണം ചെയ്തുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) പുതുതായി താഴെപ്പറയുന്ന വിഭാഗങ്ങളെ ഈ പദ്ധതിയിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. പരമ്പരാഗത ആഭരണ നിർമ്മാണ തൊഴിലാളികൾ, ഓട്ടുകമ്പനിത്തൊഴിലാളികൾ, ഓട്ടോ മൊബൈൽ റിപ്പയറിംഗ് തൊഴിലാളികൾ, സ്കൂൾ ശുചീകരണ- പാചകത്തൊഴിലാളികൾ, ഭാഗ്യക്കുറി മേഖലയിലെ തൊഴിലാളികൾ, ഓട്ടോറിക്ഷാ തൊഴിലാളികൾ, ഇ.പി.എഫ്. പെൻഷൻകാർ, നിർമ്മാണ തൊഴിലാളികൾ, കള്ളുചെത്തു തൊഴിലാളികൾ, വികലാംഗർ, പെട്രോൾ ബങ്കിൽ പണിയെടുക്കുന്നവർ, കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗമല്ലാത്ത കൃഷിനിലം ഇല്ലാത്ത നിർമ്മാണ തൊഴിലാളികൾ, ചുമട്ടു തൊഴിലാളികൾ, മോട്ടോർ തൊഴിലാളികൾ, കരകൗശല രംഗത്തെ തൊഴിലാളികൾ, കശുവണ്ടിതോട്ടം തൊഴിലാളികൾ, തയ്യൽ തൊഴിലാളികൾ, സർക്കാരിതര ഖാദി ജീവനക്കാർ, ക്ഷീരകർഷകർ, പെയിന്റിംഗ് തൊഴിലാളികൾ, വൃദ്ധ ജനങ്ങൾ, പേപ്പർ വ്യവസായം (കൈത്തൊഴിൽ), മദ്രസ അദ്ധ്യാപകർ

(ഡി) പ്രതിവർഷം 454 കോടി രൂപ ഇതിനായി ചെലവു വരുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വെട്ടിക്കുറച്ച റേഷൻ പുനഃസ്ഥാപിക്കാനും കൂടുതൽ റേഷൻ വിഹിതം അനുവദിക്കുന്നതിനുമായി ഭക്ഷ്യമന്ത്രിയുടെ നേതൃത്വത്തിൽ അനേകം നിവേദനങ്ങൾ കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയുണ്ടായി. കൂടാതെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ സർവ്വകക്ഷിസംഘം കേന്ദ്ര സർക്കാരുമായി ചർച്ചകൾ നടത്തുകയുണ്ടായി. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഡൽഹിയിൽ ധർണ്ണ നടത്തുകയും ചെയ്തു. ബഹുമാനപ്പെട്ട കേന്ദ്ര ഭക്ഷ്യ സഹമന്ത്രിയുമായി സംസ്ഥാന ഭക്ഷ്യമന്ത്രി ചർച്ച നടത്തുകയും അദ്ദേഹത്തിനു നിവേദനം നൽകുകയും ചെയ്തു. ഇതിന്റെ ഫലമായി റേഷൻ വിഹിതം പൂർണ്ണമായി പുനഃസ്ഥാപിച്ചില്ലെങ്കിലും അഡീഷണൽ/അഡ്ഹോക് അലോട്ട്മെന്റായി ഭക്ഷ്യധാന്യങ്ങൾ വിവിധ വർഷങ്ങളിൽ അനുവദിച്ചിട്ടുണ്ട്.

ട്രഷറി വകുപ്പിന്റെ നവീകരണം

5 (*5) ശ്രീ. സി. എം. ദിനേശ് മണി :

ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ട്രഷറി വകുപ്പിന്റെ നവീകരണത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) ട്രഷറി കോർബാങ്കിംഗ് സമ്പ്രദായം കൊണ്ടുവരുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുണ്ടോ ;

(സി) ശമ്പളവും പെൻഷനും എ.ടി.എം. കാർഡ് മുഖേന ലഭ്യമാക്കാനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്നു വ്യക്തമാക്കുമോ ;

(ഡി) ട്രഷറികളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly